**മധുരമായ കുട്ടികളേ– വിചാര സാഗര മഥനം ചെയ്യുന്നതിന്റെ ശീലമുണ്ടാക്കൂ, അതി രാവിലെ ഏകാന്തതയിലിരുന്ന് വിചാര സാഗര മഥനം ചെയ്യൂ എങ്കിൽ അനേകം പുതിയ പുതിയ പോയിന്റുകൾ ബുദ്ധിയിൽ വരും.**

**ചോദ്യം–** കുട്ടികൾക്ക് തന്റെ അവസ്ഥയെ ഫസ്റ്റ് ക്ലാസ്സാക്കി വെയ്ക്കാൻ ഏതെല്ലാം കാര്യങ്ങളിൽ ശ്രദ്ധ യുണ്ടാവണം?

**ഉത്തരം–** 1. ഒരു ബാബ എന്ത് കേൾപ്പിക്കുന്നുവോ അതുമാത്രം കേൾക്കൂ, ബാക്കി ഈ ലോകത്തിലെ ഒന്നും കേൾക്കരുത്. 2. സംഗത്തെ സൂക്ഷിക്കൂ. ആരാണോ നല്ലരീതിയിൽ പഠിക്കുന്നത്, ധാരണ ചെയ്യുന്നത് അവരുമായി കൂട്ടുവെയ്ക്കുകയാണെങ്കിൽ അവസ്ഥ ഫസ്റ്റ് ക്ലാസ്സാകും. ചില കുട്ടികളുടെ അവസ്ഥ കാണുമ്പോൾ ബാബയ്ക്ക് ചിന്ത വരുന്നു ഈ ഡ്രാമയിൽ എന്തെങ്കിലും പരിവർത്തനമുണ്ടായെങ്കിൽ എന്ന്, പക്ഷേ പിന്നീട് പറയുന്നു– ഇവിടെ രാജധാനിയാണ് സ്ഥാപിക്കുന്നത്.

**ഓംശാന്തി.** ഒരേയൊരു പരിധിയില്ലാത്ത അച്ഛൻ, പരിധിയില്ലാത്ത കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് അഥവാ പഠിപ്പിക്കുകയാണ്. ബാക്കി മനുഷ്യർ എന്തെല്ലാമാണോ പഠിക്കുന്നത്, കേൾക്കുന്നത് അതൊന്നും നിങ്ങൾക്ക് കേൾക്കുകയോ പഠിക്കുകയോ വേണ്ട എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇത് മനസ്സിലാക്കി– നിങ്ങൾക്ക് പഠിക്കുവാനുള്ള ഈശ്വരീയ പഠിപ്പ് ഇതൊന്നേയുള്ളു. നിങ്ങൾക്ക് ഇപ്പോൾ കേവലം ഒരു ഭഗവാനിൽ നിന്നും പഠിക്കണം. അച്ഛൻ എന്താണോ പഠിപ്പിക്കുന്നത്, മനസ്സിലാക്കിത്തരുന്നത്– അത് നേരിട്ട് കേട്ട് പഠിക്കണം. മനുഷ്യർ അനേകം പ്രകാരത്തിലുള്ള പുസ്തകങ്ങൾ എഴുതുന്നു, അത് മുഴുവൻ ലോകവും വായിക്കുന്നു. എത്രയധികം പുസ്തകങ്ങളായിരിക്കും പഠിക്കുന്നുണ്ടാവുക. കേവലം നിങ്ങൾ മാത്രമാണ് ഇങ്ങനെ പറയുന്നത് ഒരാളിൽ നിന്നു മാത്രം കേൾക്കൂ പിന്നീട് മറ്റുള്ളവരേയും അതുതന്നെ കേൾപ്പിക്കൂ, എന്തുകൊണ്ടെന്നാൽ ഒരാളിൽ നിന്ന് എന്ത് കേൾക്കുന്നുവോ അതിൽ മാത്രമേ മംഗളമുള്ളു. ബാക്കി അനവധി പുസ്തകങ്ങളുണ്ട്. പുതിയത് പുതിയത് വന്നുകൊണ്ടിരിക്കും. നിങ്ങൾക്ക് അറിയാം സത്യം കേൾപ്പിക്കുന്നത് ഒരേ ഒരു ബാബയാണ്. ബാബയിൽ നിന്നു മാത്രം കേൾക്കണം. അച്ഛനാണെങ്കിൽ കുട്ടികൾക്ക് വളരെ കുറച്ചാണ് മനസ്സിലാക്കിത്തരുന്നത്, അതിനെ വിശദമായി മനസ്സിലാക്കിത്തന്നശേഷം വീണ്ടും ഒരു കാര്യത്തിലേയ്ക്ക് തന്നെ എത്തിച്ചേരും. മന്മനാഭവ എന്ന പദം ശരിയാണ് എന്ന് ബാബ പറയാറുണ്ട് എന്നാൽ ബാബ ആ വാക്ക് ഉപയോഗിച്ചിട്ടില്ല. ബാബ പറയുന്നത് സ്വയം ആത്മാവാണെന്നു മനസ്സിലാക്കു, അച്ഛനായ എന്നെ ഓർമ്മിക്കു ഒപ്പം സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ എന്തെല്ലാം ജ്ഞാനമാണോ കേൾപ്പിക്കുന്നത് അതിനെ ധാരണചെയ്യൂ എന്നെല്ലാമാണ്. ഇത് നിങ്ങൾക്ക് അറിയാം, നമ്മൾ ദേവതയായി മാറുന്നു പിന്നീട് നമ്മുടെ തന്നെ വൃദ്ധിയുണ്ടാകുന്നു. കുട്ടികൾക്ക് മൂലവതനവും ഓർമ്മയുണ്ട് പുതിയ ലോകവും ഓർമ്മയുണ്ട്.

ഉയർന്നതിലും ഉയർന്ന അച്ഛനാണ് ആദ്യം. പിന്നീട് ഈ പുതിയ ലോകം, ഇതിൽ ഈ ലക്ഷ്മീ നാരായണന്മാർ ഉയർന്നതിലും ഉയർന്ന രാജ്യം ഭരിച്ചവരാണ്. ഇവരുടെ ചിത്രം തീർച്ചയായും വേണം. ഈ ചിത്രങ്ങളാകുന്ന അടയാളങ്ങളാണ് ബാക്കി അവശേഷിച്ചിട്ടുള്ളത്. ഈ ഒരു ചിത്രമേയുള്ളു. രാമന്റെ ചിത്രവും കാണിച്ചിട്ടുണ്ടെങ്കിലും രാമരാജ്യത്തെ സ്വർഗ്ഗം എന്ന് പറയില്ല. കാരണം ത്രേതായുഗം പകുതി സ്വർഗ്ഗമാണ്. ഇപ്പോൾ ഉയർന്നതിലും ഉയർന്ന അച്ഛൻ പഠിപ്പിക്കുകയാണ്. ഇതിൽ പുസ്തകത്തിന്റെ ആവശ്യമേയില്ല. അടുത്ത ജന്മത്തിൽ പഠിക്കാൻ ഈ പുസ്തകങ്ങളൊന്നും നിലനിൽക്കില്ല. ഈ പഠിപ്പ് ഈ ജന്മത്തിലുള്ളതാണ്. ഇത് അമരകഥയുമാണ്. പുതിയ ലോകത്തിനായി നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള പഠിപ്പും അച്ഛൻ നൽകുന്നു. കുട്ടികൾ 84 ജന്മങ്ങളുടെ ചക്രത്തേയും അറിഞ്ഞുകഴിഞ്ഞു. ഇത് പഠിക്കുന്നതിനുള്ള സമയമാണ്. ബുദ്ധിയിൽ മനനം നടന്നുകൊണ്ടേയിരിക്കണം. നിങ്ങൾ മറ്റുള്ളവരേയും പഠിപ്പിക്കണം. അതിരാവിലെ ഉണർന്ന് വിചാര സാഗരമഥനം ചെയ്യണം. അതിരാവിലെ തന്നെയാണ് വിചാര സാഗര മഥനം നന്നായി നടക്കുക. ആരാണോ മനസ്സിലാക്കിക്കൊടുക്കുന്നവർ അവർക്കേ മഥനം നടക്കൂ. ടോപ്പിക്കുകളും പോയിന്റുകളും കണ്ടുപിടിക്കണം. ഭക്തിയിലെ കാര്യങ്ങൾ ജന്മ ജന്മാന്തരങ്ങളായി കേട്ടു വന്നു. ഈ ജ്ഞാനം ജന്മ ജന്മാന്തരങ്ങളായി കേൾക്കുകയില്ല. ഈ ജ്ഞാനം അച്ഛൻ ഒരു തവണ മാത്രമാണ് കേൾപ്പിക്കുന്നത്, പിന്നീട് നിങ്ങൾ തന്നെ ഇത് മറന്നുപോകും. ഭക്തിമാർഗ്ഗത്തിൽ എത്ര പുസ്തകങ്ങളാണ്. വിദേശത്തുപോലും എത്തിച്ചേരുന്നു. ഇതെല്ലാം അവസാനിക്കാനുള്ളതാണ്. സത്യയുഗത്തിൽ ഒരു പുസ്തകത്തിന്റേയും ആവശ്യമില്ല. ഇതെല്ലാം കലിയുഗത്തിന്റെ സാമഗ്രികളാണ്. ഇവിടെ നിങ്ങൾ എന്തെല്ലാം കാണുന്നുണ്ടോ– ഹോസ്പിറ്റൽ, ജയിൽ, ജഡ്ജ് മുതലായവ ഒന്നും അവിടെയുണ്ടാകില്ല. ആ ലോകം

തന്നെ വ്യത്യസ്തമാണ്. ലോകം ഇതുതന്നെയാണ് പക്ഷേ പുതിയതും പഴയതും തമ്മിൽ തീർച്ചയായും വ്യത്യാസമുണ്ടാകുമല്ലോ. അതിനെപ്പറയുന്നത് സ്വർഗ്ഗം. ആ ലോകം തന്നെയാണ് പിന്നീട് നരകമാകുന്നത്. ഇന്നയാൾ സ്വർഗ്ഗവാസിയായി എന്ന് പറയാറുണ്ട്. സന്യാസിയാണെങ്കിൽ പറയും ബ്രഹ്മത്തിൽ ലയിച്ചു, നിർവ്വാണം പൂകി. പക്ഷേ നിർവ്വാണത്തിലേയ്ക്ക് ആരും പോകുന്നില്ല. നിങ്ങൾക്ക് അറിയാം ഈ രുദ്രമാല എങ്ങനെയാണ് ഉണ്ടാക്കപ്പെട്ടത്? രുണ്ഡ് മാലയുമുണ്ട്. വിഷ്ണുവിന്റെ രാജധാനിയുടെ മാല ഉണ്ടാകുന്നു. ഇപ്പോൾ മാലയുടെ രഹസ്യത്തെ നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. നമ്പർവൈസായി പഠിപ്പിന്റെ ആധാരത്തിലാണ് മാലയിൽ കോർക്കപ്പെടുന്നത്. ആദ്യമാദ്യം ഈ നിശ്ചയം വേണം. ഇത് ഈശ്വരീയ പഠിപ്പാണ്. ബാബ സുപ്രീം ഫാദറും സുപ്രീം ടീച്ചറുമാണ്. നിങ്ങളുടെ ബുദ്ധിയിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അതുതന്നെയാണ് മറ്റുള്ളവർക്ക് നൽകേണ്ടത്. തനിക്കു സമാനമാക്കി മാറ്റണം. വിചാര സാഗര മഥനം ചെയ്യണം. പത്രങ്ങളും അതിരാവിലെയാണ് ലഭിക്കുന്നത്. എന്നാൽ അതിൽ സാധാരണ കാര്യങ്ങളാണുള്ളത്. ഇവിടെയാണെങ്കിൽ ഓരോ ഓരോ കാര്യങ്ങളും ലക്ഷക്കണക്കിന് രൂപ വിലയുള്ളതാണ്. ചിലർ നന്നായി മനസ്സിലാക്കുന്നു, ചിലർ അല്പം മാത്രം മനസ്സിലാക്കുന്നു. മനസ്സിലാക്കുന്നതിന്റേയും മനസ്സിലാക്കിക്കൊടുക്കുന്നതിന്റേയും ആധാരത്തിൽത്തന്നെയാണ് പിന്നീട് പുതിയ ലോകത്തിൽ പദവി ലഭിക്കുന്നത്. വിചാര സാഗര മഥനം ചെയ്യുന്നതിന് ഏകാന്തത നല്ലപോലെ വേണം. രാമതീർത്ഥ സ്വാമിയെക്കുറിച്ച് പറയാറുണ്ട്- എപ്പോഴാണോ അവർ എഴുതാനിരിക്കുന്നത് അപ്പോൾ തനിക്ക് വൈബ്രേഷൻ ബാധിക്കാതിരിക്കാൻ, തന്റെ ശിഷ്യനോട് രണ്ട് മൈൽ ദൂരേയ്ക്ക് പോയിരിക്കാൻ ആവശ്യപ്പെടുമായിരുന്നു.

നിങ്ങൾ ഇപ്പോൾ സമ്പൂർണ്ണമായി മാറുകയാണ്. മുഴുവൻ ലോകത്തിലുള്ളവരുടെയും ബുദ്ധി അഴുക്കു നിറഞ്ഞതാണ്. നിങ്ങൾ ഈ പഠിപ്പിലൂടെ ലക്ഷ്മീ നാരായണനായി മാറുകയാണ്. എത്ര ഉയർന്ന പഠിപ്പാണ്! പക്ഷേ നമ്പർവൈസായി ഇരുത്താൻ കഴിയില്ല. പിന്നാലെ ഇരിക്കുന്നതിലൂടെ വ്യത്യാസമുണ്ടാകുന്നു, ഉറക്കം തൂങ്ങുന്നു വായുമണ്ഡലത്തെത്തന്നെ മോശമാക്കുന്നു. നമ്പർവൈസായി ഇരുത്തണം എന്നതാണ് നിയമം. പക്ഷേ ഈ കാര്യങ്ങൾ ശർക്കരക്കും അറിയാം, ശർക്കര ഭരണിയ്ക്കും അറിയാം. ഇതാണ് ഏറ്റവും ഉയർന്ന ജ്ഞാനം. നിങ്ങൾക്കായി വേറെ വേറെ ക്ലാസെടുക്കാൻ സാധിക്കില്ല. വാസ്തവത്തിൽ നിങ്ങൾ ക്ലാസിൽ ഇരിക്കുമ്പോൾ അവയവങ്ങൾ തമ്മിൽ സ്പർശിക്കാതിരിക്കണം. മൈക്കിലൂടെ ശബ്ദം വളരെ ദൂരെയെത്തുമല്ലോ. ബാബ പറയുന്നു- ഈ ലോകത്തിലെ മറ്റൊന്നും നിങ്ങൾ കേൾക്കുകയോ പഠിക്കുകയോ വേണ്ട. അവരുടെ സംഗവും വേണ്ട. ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവരുമായി കൂട്ടുകൂടണം. എവിടെ നല്ല സേവനമുണ്ടോ, അതായത് മ്യൂസിയം മുതലായവയുണ്ടോ, അവിടെ വളരെ തീവ്രതയുള്ള യോഗയുക്തമായ കുട്ടികൾ വേണം.

ഇതും ബാബ മനസ്സിലാക്കിത്തരുകയാണ്- ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ചിലപ്പോഴൊക്കെ ബാബ ചിന്തിക്കാറുണ്ട്- ഡ്രാമയിൽ എന്തെങ്കിലും മാറ്റം വന്നിരുന്നെങ്കിൽ എന്ന്. പക്ഷേ മാറ്റം ഉണ്ടാവുക സാധ്യമല്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. കുട്ടികളുടെ അവസ്ഥ കണ്ടിട്ട് ചിന്തയുണ്ടാകുന്നു എന്തെങ്കിലും മാറ്റമുണ്ടായെങ്കിൽ എന്ന്. എന്താ ഇങ്ങനെയുള്ളവർ സ്വർഗ്ഗത്തിലേയ്ക്ക് പോകുമോ? പിന്നീട് ചിന്തിക്കും- സ്വർഗ്ഗത്തിൽ മുഴുവൻ രാജധാനിയും വേണം. ചിലർ ദാസ ദാസിമാരും ചിലർ ചണ്ഡാലന്മാരുമാകും. ഡ്രാമയിൽ ഒരു മാറ്റവും ഉണ്ടാവില്ല. ഭഗവാന്റെ വാക്കുകളാണ്- ഈ നാടകം ഉണ്ടാക്കപ്പെട്ടതാണ്, ഇതിൽ മാറ്റം വരുത്താൻ എനിക്കുപോലും സാധിക്കില്ല. ഭഗവാന്റെയും മുകളിലായി ആരുമില്ല. മനുഷ്യർ പറയുന്നു- ഭഗവാന് എന്താ ചെയ്യാൻ സാധിക്കാത്തത്! പക്ഷേ ഭഗവാൻ സ്വയം പറയുന്നു- എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്. വിഘ്നങ്ങൾ വരും, ഒന്നും ചെയ്യാൻ സാധിക്കില്ല. ഡ്രാമയിൽ അടങ്ങിയതാണ്, എനിക്ക് എന്ത് ചെയ്യാൻ പറ്റും. വളരെ അധികം കുട്ടികൾ വിളിക്കുന്നു- ഞങ്ങളെ പതിതമാക്കുന്നതിൽ നിന്നും രക്ഷിക്കൂ. അപ്പോൾ ബാബ എന്ത് ചെയ്യും. ബാബ കേവലം പറയും- ഡ്രാമയിലെ ഭാവിയാണ്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഇത് ഭഗവാന്റെ ഇച്ഛയാണ് എന്ന് കരുതരുത്. അഥവാ ഇതെല്ലാം ഭഗവാന്റെ കൈകളിലാണെങ്കിൽ ചിന്തിക്കൂ ചില വിശിഷ്ട കുട്ടികൾ ശരീരം ഉപേക്ഷിക്കാറുണ്ട്, അവരെ രക്ഷിക്കുമായിരുന്നു. ഇങ്ങനെ പലർക്കും സംശയം വരാറുണ്ട്. ഭഗവാൻ പഠിപ്പിക്കുന്നു! അഥവാ ഭഗവാന്റെ കുട്ടികളാണെങ്കിൽ എന്താ ഭഗവാനുപോലും തന്റെ കുട്ടികളെ രക്ഷിക്കാൻ സാധിക്കില്ലേ! വളരെ അധികം പേർ ഇങ്ങനെ ആശയക്കുഴപ്പത്തിലേക്ക് വരുന്നു. പറയുന്നു, സന്യാസിമാർ ഇങ്ങനെ എത്രപേരുടെ പ്രാണനാണ് രക്ഷിച്ചിട്ടുള്ളത്, പ്രാണൻ തിരികെ വരുന്നു. ചിതയിൽ നിന്നുപോലും ഉയർത്തെഴുന്നേൽക്കുന്നു. പിന്നീട് പറയും കാലൻ കൊണ്ടുപോയതായിരുന്നു, ഈശ്വരൻ തിരികെത്തന്നു, അവരിൽ പ്രഭു കൃപകാണിച്ചു. ബാബ മനസ്സിലാക്കിത്തരുകയാണ്- എന്തെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുണ്ടോ അതാണ് സംഭവിക്കുന്നത്. അച്ഛനും ഒന്നും

ചെയ്യാൻ സാധിക്കില്ല. ഇതിനെയാണ് ഡ്രാമയുടെ ഭാവി എന്നു പറയുന്നത്. ഡ്രാമ എന്ന പദത്തെ നിങ്ങൾക്ക് അറിയാം. എന്തെല്ലാം സംഭവിക്കണമോ അത് സംഭവിച്ചു, എന്തിന് ചിന്തിക്കണം. നിങ്ങളെ ചിന്തയില്ലാത്ത വരാക്കി മാറ്റുന്നു. ഓരോ സെക്കന്റും എന്തെല്ലാം സംഭവിക്കുന്നുവോ അതെല്ലാം ഡ്രാമയാണ് എന്ന് മന സ്സിലാക്കണം. ആത്മാവ് ശരീരം ഉപേക്ഷിച്ച് പോയി രണ്ടാമത് ഒരു പാർട്ട് അഭിനയിച്ചു. അനാദിയായ പാർട്ടിനെ നിങ്ങൾക്ക് എങ്ങനെ തിരുത്താൻ സാധിക്കും! ഇപ്പോൾ കുട്ടികളുടെ അവസ്ഥ പക്കയായിട്ടില്ല, അതിനാൽ കുറച്ച് ചിന്തയുണ്ടാകുന്നുണ്ട്. എന്നാൽ ഭാവിയെ ആർക്കും മാറ്റാൻ സാധിക്കില്ല. ലോകർ എന്തുതന്നെ പറഞ്ഞാലും നമ്മുടെ ബുദ്ധിയിൽ ഡ്രാമയുടെ രഹസ്യമുണ്ട്. പാർട്ട് അഭിനയിക്കണം. ചിന്തി ക്കേണ്ട കാര്യമില്ല. ഏതുവരെ അവസ്ഥ പക്കയല്ലയോ അതുവരെയും ചിന്തകളുടെ അലകൾ വന്നുകൊണ്ടി രിക്കും.

ഈ സമയത്ത് നിങ്ങൾ എല്ലാവരും പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എല്ലാവരും ശരീരധാരികളാ ണ്, ഞാൻ മാത്രം വിദേഹിയാണ്. മുഴുവൻ ദേഹധാരികളേയും പഠിപ്പിക്കുകയാണ്. അച്ഛൻ മനസ്സിലാക്കി ത്തരുകയാണ്– ചില സമയങ്ങളിൽ നിങ്ങൾ കുട്ടികൾക്ക് ഇരുന്ന് മനസ്സിലാക്കിത്തരുന്നത് ഈ ബ്രഹ്മാവാ ണ്. ഈ അച്ഛന്റേയും ബ്രഹ്മാവിന്റേയും പാർട്ട് അത്ഭുതകരമാണ്. ബ്രഹ്മാബാബ വിചാരസാഗര മഥനം ചെയ്ത് നിങ്ങളെ കേൾപ്പിക്കുന്നു. എത്ര അത്ഭുതകരമായ ജ്ഞാനമാണ്! എത്രത്തോളം ബുദ്ധി പ്രയോഗി ക്കണം. ബാബ വിചാരസാഗര മഥനം ചെയ്യുന്നത് അതിരാവിലെയാണ്. നിങ്ങൾക്കും ടീച്ചർ എങ്ങനെ യാണോ അതുപോലെ ആകണം. എങ്കിലും വ്യത്യാസം തീർച്ചയായും ഉണ്ടാകും. ടീച്ചർ ഒരിയ്ക്കലും വിദ്യാർത്ഥിയ്ക്ക് 100 മാർക്ക് നൽകില്ല, കുറച്ച് കുറവായിരിക്കും കൊടുക്കുക. ബാബ ഉയർന്നതിലും ഉയർന്നതാണ്. നമ്മൾ ദേഹധാരികളാണ്. എങ്കിൽ എങ്ങനെ ബാബയെപ്പോലെ 100 ശതമാനമാകും? ഇത് വളരെ ഗുഹ്യമായ കാര്യമാണ്. ചിലർ കേട്ട് ധാരണ ചെയ്യുന്നു, സന്തോഷിക്കുന്നു. ചിലരാണെങ്കിൽ പറ യുന്നു ബാബയുടെ വാണി ആവർത്തിക്കുന്നു. ഇപ്പോൾ പുതിയ പുതിയ കുട്ടികൾ വരുമ്പോൾ എനിക്ക് പഴയ പോയിന്റുകൾ ആവർത്തിക്കേണ്ടി വരുന്നു. മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനായി ചില പുതിയ പോയിന്റുകളും തരും. കുട്ടികൾക്ക് വീണ്ടും അച്ഛനെ സഹായിക്കേണ്ടതായി വരും. മാഗ സീനുകളിലും നമ്മുടെ കാര്യങ്ങൾ ഉണ്ട്. കല്പം മുമ്പും ഇങ്ങനെ എഴുതിയിട്ടുണ്ടാകും. അഥവാ പത്രത്തിൽ കൊടുക്കുകയാണെങ്കിൽ അതിൽ വളരെ അധികം ശ്രദ്ധിക്കണം. മനുഷ്യർ വായിച്ചിട്ട് ദേഷ്യപ്പെടുന്ന തര ത്തിലുള്ള ഒരു കാര്യവും അതിൽ വരരുത്. മാഗസീനുകൾ നിങ്ങളാണ് വായിക്കുന്നത്. എന്തെങ്കിലും പാകമാകാത്ത കാര്യം അതിലുണ്ടെങ്കിൽ മനസ്സിലാക്കണം ഇതുവരെ ആരും സമ്പൂർണ്ണമായിട്ടില്ല. കൃത്യ മായി 16 കലാ സമ്പൂർണ്ണമാകുന്നതിന് സമയം എടുക്കും. ഇപ്പോൾ വളരെ അധികം സേവനം ചെയ്യണം. വളരെ അധികം പ്രജകളെ ഉണ്ടാക്കണം. ഇതും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– അനേക പ്രകാരത്തി ലുള്ള മാർക്കുകളുണ്ട്. ആരെങ്കിലും നിമിത്തമായി വളരെ അധികം പേർക്ക് ജ്ഞാനം എടുക്കുന്നതിന് സൗകര്യം ചെയ്യുകയാണെങ്കിൽ അതിനും ഫലമുണ്ടാകും. ഇപ്പോൾ പഴയലോകം അവസാനിക്കണം. ഇവിടെ അല്പകാലത്തിലേയ്ക്കുള്ള സുഖമേയുള്ളു. അസുഖങ്ങൾ എല്ലാവർക്കും ഉണ്ടാകുന്നുണ്ട്. ബാബ എല്ലാകാര്യങ്ങളുടേയും അനുഭവിയാണ്. ലോകത്തിലെ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. ബാബ പറ ഞ്ഞിരുന്നു– പത്രങ്ങളിലും മാഗസീനുകളിലും ഇത്രയും അത്ഭുതപ്പെടുത്തുന്ന കാര്യങ്ങൾ എഴുതൂ ഇതി ലൂടെ ബ്രാഹ്മാകുമാരികൾ എഴുതിയിരിക്കുന്നത് തീർത്തും ശരിയായ കാര്യമാണ് എന്ന് ആളുകൾ പറയ ണം. ഈ യുദ്ധം 5000 വർഷങ്ങൾക്കുമുമ്പും ഇതുപോലെ നടന്നിരുന്നു. എങ്ങനെ? ഇത് വന്ന് മനസ്സിലാ ക്കു. നിങ്ങളുടെ പേരും പ്രശസ്തമാകും, ആളുകൾ കേട്ട് സന്തോഷിക്കുകയും ചെയ്യും. വളരെ വലിയ കാര്യമാണ്! എന്നാൽ ആളുകളുടെ ബുദ്ധിയിൽ പതിഞ്ഞാൽ മാത്രം. ആരാണോ എഴുതുന്നത് അവർ പിന്നീട് മനസ്സിലാക്കിക്കൊടുക്കുകയും വേണം. മനസ്സിലാക്കിക്കൊടുക്കാൻ അറിയുന്നില്ല അതിനാൽ പിന്നീട് എഴുതുന്നുമില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1). ഒരേ ഒരു ബാബ എന്താണോ കേൾപ്പിക്കുന്നത് അഥവാ പഠിപ്പിക്കുന്നത്, അതുമാത്രം കേൾക്കണം അഥവാ പഠിക്കണം. ബാക്കി ഒന്നും പഠിക്കുകയോ കേൾക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. സംഗത്തിന്റെ കാര്യത്തിൽ വളരെ അധികം ശ്രദ്ധിക്കണം. അതിരാവിലെ ഏകാന്തതയിൽ ഇരുന്ന് വിചാര സാഗരമഥനം

ചെയ്യണം.

2. ഡ്രാമയുടെ ഭാവി നിശ്ചിതമായി ഉണ്ടാക്കിയിരിക്കുകയാണ് അതിനാൽ സദാ നിശ്ചിന്തമായിരിക്കണം. ഏതൊരു കാര്യത്തിലും സംശയം ഉണ്ടാകരുത്. ലോകം എന്തുതന്നെ പറഞ്ഞാലും നിങ്ങൾ ഡ്രാമയിൽ ഉറച്ചു നിൽക്കണം.

## വരദാനം - അധികാരിയായി സമയത്തിനനുസരിച്ച് സർവ്വശക്തികളും കാര്യത്തിൽ ഉപയോഗിക്കുന്ന മാസ്റ്റർ സർവ്വശക്തനായി ഭവിയ്ക്കട്ടെ.

സർവ്വശക്തനായ ബാബയിലൂടെ പ്രാപ്തമാക്കിയിട്ടുള്ള സർവ്വശക്തികൾ പരിതസ്ഥിതിയ്ക്കനുസരിച്ച്, സമയത്തിനനുസരിച്ച് വിധി പൂർവ്വം താങ്കൾ കാര്യത്തിൽ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അപ്രകാരം തന്നെ ശക്തികൾ താങ്കളുടെ സഹയോഗികളാകും. ഈ ശക്തികളെ അഥവാ പ്രഭുവിന്റെ വരദാനങ്ങളെ ഏതു രൂപത്തിൽ വേണമോ ധാരണ ചെയ്യുവാൻ സാധിക്കും. ഇടയ്ക്കെ ശീതളതയുടെ രൂപത്തിൽ ഇടയ്ക്കെ ജ്വലിക്കുന്ന രൂപത്തിൽ, കേവലം സമയത്തിനനുസരിച്ച് കാര്യത്തിൽ ഉപയോഗിക്കുന്നതിന്റെ അധികാരിയാകൂ. ആ സർവ്വശക്തികളും താങ്കൾ മാസ്റ്റർ സർവ്വശക്തന്റെ സേവാധാരിയാണ്.

## സ്ലോഗൻ - സ്വപുരുഷാർത്ഥം അഥവാ വിശ്വമംഗളത്തിന്റെ കാര്യത്തിൽ എവിടെ ധൈര്യമുണ്ടോ അവിടെ സഫലത നിശ്ചിതമാണ്.